# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 173 | 28.05.2019 ൽ മറുപടിക്ക്

## സംസ്ഥാനത്തെ സൈബർ ക്രൈം കേസുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം. സ്വരാജ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിൽ എത്ര സൈബർ ക്രൈം കേസുകൾ നിലവിലുണ്ട് എന്ന് അറിയിക്കുമോ ; | (എ) 1532 സൈബർ കേസുകൾ നിലവിലുണ്ട്. |
| (ബി) ഇവയുടെ വിശദാംശം ജില്ല തിരിച്ച് വെളിപ്പെടുത്തുമോ; | (ബി) കേസുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) ഇവയുടെ അന്വേഷണം പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; | (സി) ചില കേസുകളിൽ അന്വേഷണം പൂർത്തിയാക്കുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്. |
| (ഡി) ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ; | (ഡി) സൈബർ കേസുകളിൽ Intermediary കളിൽ നിന്നും യഥാസമയം മറുപടി ലഭിക്കാത്തതിനാലും, പ്രതികൾ, വാദികൾ സാക്ഷികൾ തുടങ്ങിയവർ കൂടുതലും വിദേശത്തായതിനാലും ഇൻഡ്യൻ ജൂറിസ്ഡിക്ഷന് പുറത്തുനിന്നും വിവരങ്ങൾ ലഭ്യമാക്കുന്നതിനു താമസമുള്ളതിനാലും VPN/Proxy Servers വിവരങ്ങൾ IP Mask ചെയ്യുന്ന സംവിധാനങ്ങൾ ഉപയോഗിച്ച് ചെയ്യുന്ന കുറ്റകൃത്യങ്ങളിൽ കൃത്യമായി പ്രതികളെ തിരിച്ചറിയുന്നതിനുള്ള താമസം, എന്നിവ മൂലവും കേസുകളുടെ അന്വേഷണത്തിന് കാലതാമസം ഉണ്ടാകാറുണ്ട്. സർവ്വീസ് പ്രൊവൈഡർമാർ ഒരു വർഷത്തിനകമുള്ള വിവരങ്ങൾ മാത്രം ശേഖരിച്ച് സൂക്ഷിക്കുന്നതിനാൽ കേസുകളുടെ തെളിവിലേയ്ക്കാവശ്യമായ വിവരങ്ങൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല. |

| | | |
|---|---|---|
| (ഇ) | ഈ കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ? | (ഇ) സർവ്വീസ് പ്രൊവൈഡർമാരിൽ നിന്നും മറുപടികൾ കിട്ടാൻ കാലതാമസം വരുന്ന സന്ദർഭങ്ങളിൽ അടിക്കടി ഓർമ്മക്കുറിപ്പുകൾ നൽകി വിവരം ശേഖരിച്ചു വരുന്നു. വിദേശത്തുള്ള സാക്ഷികളേയും, പ്രതികളേയും കണ്ടെത്തുന്നതിന് MLAT (Mutual Legal Assistance Treaty)/LR (Letter Rogatory) മുഖേന അപേക്ഷ തയ്യാറാക്കി MHA (Ministry of Home Affairs) മുഖാന്തിരം അതാതു രാജ്യങ്ങളിൽ സമർപ്പിച്ച് വിവരങ്ങൾ ശേഖരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| SL.No | District | Under Investigation | Pending Trial |
|---|---|---|---|
| 1 | Tvpm City | 45 | 109 |
| 2 | Tvpm Rl | 53 | 67 |
| 3 | Kollam City | 16 | 52 |
| 4 | Kollam RL | 31 | 37 |
| 5 | PTA | 19 | 79 |
| 6 | ALPY | 6 | 23 |
| 7 | KTM | 28 | 45 |
| 8 | IDKY | 17 | 31 |
| 9 | Kochi City | 10 | 112 |
| 10 | EKM RL | 11 | 68 |
| 11 | Tsr City | 24 | 71 |
| 12 | Tsr RL | 18 | 27 |
| 13 | PKD | 26 | 61 |
| 14 | MLP | 29 | 15 |
| 15 | KKD C | 33 | 16 |
| 16 | KKD RL | 27 | 26 |
| 17 | WYD | 11 | 7 |
| 18 | KNR | 22 | 27 |
| 19 | KSGD | 8 | 14 |
| 20 | Railways | 0 | 0 |
| 21 | Cyber PS | 163 | 12 |
| 22 | CB | 34 | 02 |
| | Total | 631 | 901 |